വ്യാപാരികളുടെ ഉപഭോക്തൃ ചൂഷണത്തിനെതിരെ നിയമ നിർമ്മാണം

27(*177) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യാപാരികൾ ഉപഭോക്താക്കളെ കൊള്ളയടിക്കുന്നത് തടയാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നിത്യോപയോഗ വസ്തുക്കളുടെ വില നിയന്ത്രിക്കാൻ ഉതകുന്ന നിയമവ്യവസ്ഥകൾ ഇപ്പോൾ നിലവിലില്ലെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എപ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽവന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ നിലവിൽ നിയമ വ്യവസ്ഥകളുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പൂഴ്ത്തിവയ്പിനും കരിഞ്ചന്തക്കുമെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഏതെല്ലാം വൻകിട ചെറുകിട കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിച്ചു; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ&ബി) എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന് മാത്രമേ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് അധികാരം ഉള്ളൂ. എന്നാൽ മറ്റ് വസ്തുക്കളുടെ കാര്യത്തിൽ വൻകിട വ്യാപാരികൾ ഉപഭോക്താക്കളെ കൊള്ളയടിക്കുന്നത് തടയാൻ നിയമനിർമ്മാണം വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. പൊതുവിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കാൻ നടത്തുന്ന പൂഴ്ത്തിവയ്പ്പ് കരിഞ്ചന്ത എന്നിവ തടയുന്നതിന് പര്യാപ്തമായ നിയമങ്ങൾ നിലവിലുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(സി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 1955-ലെ അവശ്യസാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ കരിഞ്ചന്തയും പൂഴ്ത്തി വയ്പ്പും ഫലപ്രദമായി തടയാൻ കഴിയുന്നു. പ്രസ്തുത നിയമത്തിലെ സെക്ഷൻ 6എ പ്രകാരം അനധികൃതമായി സൂക്ഷിച്ചിരുന്നതോ കടത്തിക്കൊണ്ടുപോയതോ കരിഞ്ചന്തയിൽ വിറ്റതോ ആയ അവശ്യവസ്തുക്കളും അവ സൂക്ഷിക്കുന്ന പാക്കിംഗ് വസ്തുക്കളും മറ്റ് കവനിംഗുകളും കടത്തിക്കൊണ്ട് പോകാൻ ഉപയോഗിക്കുന്ന വാഹനങ്ങളും മറ്റ് സംവിധാനങ്ങളും പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ടുകെട്ടാൻ കഴിയും കുറ്റവാളികൾക്കെതിരെ അവശ്യസാധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാനും വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിഞ്ചന്ത പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് സിവിൽസപ്ലൈസ് വകുപ്പ് ഒറ്റയ്ക്കും ലീഗൽ മെട്രോളജി പോലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തി വരുന്നു. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ എന്നിവയും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അവശ്യസാധനങ്ങളുടെ വില സംഭരണം വിപണനം എന്നിവ നിയന്ത്രിക്കുന്നതിനായി അവശ്യസാധന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം പൊതുവിപണിയിലും പൊതുവിതരണ കേന്ദ്രങ്ങളിലും ശക്തമായ പരിശോധനകൾ നടത്തി കുറ്റക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അരി, നെല്ല്, പയർവർഗ്ഗങ്ങൾ, പഞ്ചസാര, എഡിബിൾ ഓയിൽ, എഡിബിൾ ഓയിൽ സീഡ്സ് എന്നിവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസും സ്റ്റോക്ക് പരിധിയും നിർബന്ധമാക്കിയിട്ടുണ്ട്. റെയ്ഡുകളും പരിശോധനകളും ഊർജ്ജിതമായി നടത്തിയതുവഴി സംസ്ഥാനമൊട്ടാകെ 2010 ഏപ്രിൽ മുതൽ ഡിസംബർവരെയുള്ള മാസങ്ങളിലായി 20784 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ടി പരിശോധനകൾ വഴി 253260 കി.ഗ്രാം അരി 22378 കി.ഗ്രാം ഗോതമ്പ് 26387 ലിറ്റർ മണ്ണെണ്ണ, 1175 കി.ഗ്രാം പഞ്ചസാര എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ അനഭിലഷണീയമായ കച്ചവട രീതികൾ തടയുന്നതിനായി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല പരിശോധനാസംഘവും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട ചെറുകിട കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	25
കൊല്ലം	-	351
പത്തനംതിട്ട	-	656
ആലപ്പുഴ	-	643
കോട്ടയം	-	354
ഇടുക്കി	-	1
എറണാകുളം	-	14
തൃശ്ശൂർ	-	152
പാലക്കാട്	-	39
മലപ്പുറം	-	36
കോഴിക്കോട്	-	65
വയനാട്	-	182
കണ്ണൂർ	-	18
കാസർഗോഡ്	-	397

LIBRARY ARCHIVES Kerala Legislative Assembly